പത്രക്കുറിപ്പ്

# മധ്യവയസ്കനെ വെട്ടിപ്പരിക്കേൽപ്പിച്ച പ്രതി പിടിയിൽ

# വാഹനമോഷ്ടാവ് അറസ്റ്റിൽ

തിരുവനന്തപുരം:- കോവളത്ത് മധ്യവയസ്കനെ തലയിൽ വെട്ടിപ്പരിക്കേൽപ്പിച്ച കേസ്സിലെ പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കോവളം ഭാരതിയമ്മൻ കോവിൽ റോഡ് മാധവമന്ദിരത്തിൽ അനിക്കുട്ടൻ എന്ന് വിളിക്കുന്ന സുവീഷ് (32)-നെയാണ് കോവളം പോലീസ് അറസ്റ്റ് ചെയ്തത്.

തിങ്കളാഴ്ചയാണ് സംഭവം നടന്നത്. നെട്ടുമം കീഴേപാറവിളയിൽ താമസം 52 വയസ്സുള്ള ഉണ്ണികൃഷ്ണന്റെ വീട്ടിൽ അതിക്രമിച്ച് കയറിയ പ്രതി കത്തി കൊണ്ട് തലയിൽ വെട്ടിപ്പരിക്കേൽപ്പിക്കുകയായിരുന്നു. ബീഡി ചോദിച്ചിട്ട് നൽകാത്തതിലുള്ള വിരോധമാണ് ആക്രമണത്തിന് കാരണം. പരിക്കേറ്റ ഉണ്ണികൃഷ്ണനെ കോവളം പോലീസാണ് ആശുപത്രിയിൽ എത്തിച്ചത്. ആക്രമണത്തിന് ശേഷം കടന്നുകളഞ്ഞ പ്രതിയെ കോവളം എസ്.എച്ച്.ഒ പ്രൈജുവിന്റെ നേതൃത്വത്തിൽ എസ്.ഐ അനീഷ് കുമാർ, എ.എസ്.ഐ സന്തോഷ്, സി.പി.ഒ-മാരായ പ്രമോദ്, സുനിൽ ലാൽ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.




## വാഹനമോഷ്ടാവ് അറസ്റ്റിൽ

തിരുവനന്തപുരം :- കോവളം ലൈറ്റ് ഹൌസ്സിന് സമീപത്ത് നിന്നും സ്കൂട്ടർ മോഷ്ടിച്ചെടുത്ത പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. മുല്ലൂർ

വശ്ശക്കരികത്ത് പുത്തൻ വീട്ടിൽ ഉണ്ണി എന്ന് വിളിക്കുന്ന വേണു (46)-നെയാണ് കോവളം പോലീസ് അറസ്റ്റ് ചെയ്തത്.

ആഗസ്റ്റ് 10-നാണ് മോഷണം നടന്നത്. കോവളം ലൈറ്റ് ഹൌസ്സിന് സമീപത്ത് പാർക്ക് ചെയ്തിരുന്ന, വെങ്ങാനൂർ സ്വദേശി ഷിബുവിന്റെ ആക്റ്റിവ സ്കൂട്ടറാണ് പ്രതി പൂട്ട് പൊളിച്ച് മോഷ്ടിച്ചെടുത്തത്. സമീപത്തെ സി.സി.റ്റി.വി ദൃശ്യങ്ങൾ പരിശോധിച്ച് കോവളം എസ്.എച്ച്.ഒ പ്രൈജുവിന്റെ നേതൃത്വത്തിൽ എസ്.ഐ-മാരായ അനീഷ് കുമാർ, ഷാജി, വിനോദ്, സി.പി.ഒ-മാരായ ഷൈജു, ഷിജു എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണം നടത്തി പ്രതിയെ അറസ്റ്റ് ചെയ്തത്. ഇയാളിൽ നിന്നും മോഷണവാഹനവും പോലീസ് കണ്ടെടുത്തിട്ടുണ്ട്. ഇയാൾക്കെതിരെ നിരവധി മോഷണക്കേസ്സുകളും കഞ്ചാവ് കേസ്സുകളും നിലവിലുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.


വേണു (46)

തിരുവനന്തപുരം സിറ്റി
25-08-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി